കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ ) വകുപ്പ്

വിജ്ഞാപനം

ജി. ഒ(എം.എസ്) നമ്പർ. 139/2010/തൊഴിൽ  *തിരുവനന്തപുരം,* 2010 നവംബർ 15

എസ്.ആർ.ഒ.നമ്പർ.1057/2010.- 1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടും 2000 ഡിസംബർ 11-ാം തീയതിയിലെ 2179-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1137/2000 ആയി പ്രസിദ്ധീകരിച്ച 2000 ഡിസംബർ 2-ാം തീയതിയിലെ സ.ഉ(സാധാ) നമ്പർ 4153/2000/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം, 2010 ജനുവരി 2-ാം തീയതിയിലെ 18-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 2009 ഡിസംബർ 24-ാം തീയതിയിലെ 20657/ഇ1/2008/തൊഴിൽ എന്ന പ്രാഥമിക വിജ്ഞാപനത്തിൻ മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും പരിഗണിച്ച ശേഷവും, കേരള സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിലെ ജീവനക്കാർക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം കേരള സർക്കാർ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുന്നു.

**പട്ടിക**

**1. അടിസ്ഥാന വേതനം**

| ക്രമ നമ്പർ | ജോലി / വിഭാഗം | പ്രതിമാസ അടിസ്ഥാന വേതനം രൂപ |
|---|---|---|
| (1) | (2) | (3) |
| 1. | <u>ഗ്രേഡ് - എ</u> | |
| | (1) മാനേജർ | 5220 |
| | (2) ചീഫ് ഓപ്പറേറ്റർ | |

2. ഗ്രേഡ് - ബി
   (1) ഓപ്പറേറ്റർ
   (2) എ.സി.ഓപ്പറേറ്റർ
   (3) ഇലക്ട്രീഷ്യൻ
   (4) ഓഫീസ് ക്ലാർക്ക്
   (5) കാഷ്യർ
   (6) ടൈപ്പിസ്റ്റ്

   4992

3. ഗ്രേഡ് - സി
   (1) ബുക്കിംഗ്ക്ലാർക്ക്/ടിക്കറ്റ് സെല്ലർ
   (2) അസിസ്റ്റന്റ് ഓപ്പറേറ്റർ
   (3) അസിസ്റ്റന്റ് എ.സി. ഓപ്പറേറ്റർ
   (4) ക്യാന്റീൻ മാനേജർ

   4784

4. ഗ്രേഡ് - ഡി
   (1) ഗേറ്റ് കീപ്പർ
   (2) സെക്യൂരിറ്റി ഗാർഡ്/
   സെക്യൂരിറ്റി മാൻ/
   സെക്യൂരിറ്റി ബോയ്
   (3) പ്യൂൺ
   (4) വാച്ച് മാൻ
   (5) വാഹനം സൂക്ഷിക്കുന്ന ആൾ
   (6) ക്യാന്റീൻ കുക്ക്

   4628

5. ഗ്രേഡ് - ഇ
   (1) പോസ്റ്റർ ഒട്ടിക്കുന്ന ആൾ/
   ബോർഡ് ബോയ്
   (2) ക്യാന്റീൻ സെയിൽസ് മാൻ

   4472

6. ഗ്രേഡ് - എഫ്
   (1) ക്യാന്റീൻ ഹെൽപ്പർ
   (2) സ്വീപ്പർ
   (3) സ്കാവഞ്ചർ
   (4) സ്വീപ്പർ-കം-സ്കാവഞ്ചർ

   4290

**2 . ക്ഷാമബത്ത:-**

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിന് പുറമേ എല്ലാ വിഭാഗം തൊഴിലാളികൾക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതാതു ജില്ലാ കേന്ദ്രത്തിന് വേണ്ടി പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ ഉപ ഭോക്തൃവില സൂചികയിലെ ഓരോ മാസത്തേയും സൂചികയിൽ 130 പോയിന്റിന് മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 24.90 രൂപ (ഇരുപത്തി നാല് രൂപ തൊണ്ണൂറ് പൈസ) നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

വയനാട്, ഇടുക്കി എന്നീ ജില്ലാ കേന്ദ്രങ്ങൾക്ക് വേണ്ടി ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കാത്തതിനാൽ മേപ്പാടി കേന്ദ്രത്തിന് വേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചിക അടിസ്ഥാനമാക്കി വയനാട് ജില്ലയിലും മൂന്നാർ കേന്ദ്രത്തിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചിക അടിസ്ഥാനമാക്കി ഇടുക്കി ജില്ലയിലും ക്ഷാമബത്ത നൽകേണ്ടതാണ്.

**3. സർവ്വീസ് വെയിറ്റേജ്:-**

ഒരു സ്ഥാപനത്തിൽ അഥവാ ഒരു തൊഴിലുടമയുടെ കീഴിൽ, ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ, തുടർച്ചയായി 3 വർഷമോ അതിലധികമോ സേവന കാലയളവുള്ള തൊഴിലാളിക്ക് പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവനത്തിനും അതത് വിഭാഗത്തിന്റെ പുതുക്കിയ അടിസ്ഥാന വേതനത്തിന്റെ ഒരു ശതമാനം വീതം പരമാവധി പത്ത് ശതമാനം വരുന്ന തുക സർവ്വീസ് വെയിറ്റേജ് ആയി അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

**4. ദിവസ വേതനം:-** ഈ വിജ്ഞാപനത്തിൽ മാസ വേതനം നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും വിഭാഗം തൊഴിലാളിയുടെ ദിവസവേതനം ആ വിഭാഗം തൊഴിലാളിക്ക് നിശ്ചയിക്കപ്പെട്ട പ്രതിമാസ അടിസ്ഥാന വേതനം, സർവ്വീസ് വെയിറ്റേജ്, ക്ഷാമബത്ത ഉൾപ്പെടെയുള്ള തുകയെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്.

**5. ഉയർന്ന വേതനത്തിന് സംരക്ഷണം;-**

ഈ തൊഴിൽ മേഖലയിൽ ഏതെങ്കിലും തൊഴിലാളികൾക്ക് ഈ വിജ്ഞാപനത്തിലെ പട്ടികയിൽ കാണിച്ച നിരക്കിനേക്കാൾ കൂടുതൽ വേതനം നിലവിൽ ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് അപ്രകാരമുള്ള ഉയർന്ന വേതനം തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ. ബി. വത്സല കുമാരി

ഗവൺമെന്റ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാകുന്നു.)

2000 ഡിസംബർ 11-ാം തീയതിയിലെ 2179-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1137/2000 ആയി പ്രസിദ്ധീകരിച്ച 2000 ഡിസംബർ 2-ാം തീയതിയിലെ സ.ഉ (സാധാ) നമ്പർ 4153/2000/തൊഴിൽ എന്ന വിജ്ഞാപനപ്രകാരം, കേരള സംസ്ഥാനത്തെ സിനിമാ തീയേറ്ററുകളിലെ ജീവനക്കാരുടെ കുറഞ്ഞകൂലി നിരക്കുകൾ സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു. നിലവിലുള്ള ഈ നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശങ്ങൾ പരിഗണിച്ചശേഷവും ആക്ഷേപങ്ങളും നിർദ്ദേശങ്ങളും കേട്ടതിനുശേഷവും പ്രസ്തുത മേഖലയിലെ നിലവിലുള്ള കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.